## കേരളാ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമ ഉത്തരവ്

**ഹാജർ: എ.വി. പ്രസന്നകുമാർ**

വിഷയം: ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് - ജീവനക്കാര്യം - സീനിയർ ക്ലാർക്ക് തസ്തികയിലേക്കുള്ള പ്രൊമോഷനും സ്ഥലംമാറ്റവും - സംബന്ധിച്ച്

**ഉത്തരവ് നമ്പർ ഇ1-3094/2017/ഫാ&ബോ. തീയതി :23/03/2018**

പരാമർശം :
1. 01.12.2012 അടിസ്ഥാനമാക്കിയുള്ള ഗ്രഡേഷൻ ലിസ്റ്റ്
2. 31.01.2018 തീയതിയിലെ 956/2017 നമ്പറിലുള്ള എ.ഐ.എഫ് ഒറ്റപ്പാലത്തിന്റെ ശുപാർശ കത്ത്
3. 23.03.2018 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്

**ഉത്തരവ്**

സൂചന (1) -ലെ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം നിലവിലുള്ള സീനിയർ ക്ലാർക്കിന്റെ ഒഴിവിൽ പരിഗണിക്കാവുന്നതിൽ ശ്രീമതി ഷീന മോൾ. പി.എച്ച് (ക്രമനമ്പർ 34) ആണ് സീനിയറായിട്ടുള്ളത്. എന്നാൽ ടിയാൾ 05.06.2017 മുതൽ 04.06.2018 വരെ ഒരു വർഷത്തേക്ക് സീനിയർ ക്ലാർക്കിന്റെ പ്രൊമോഷനിൽ നിന്നും പരിത്യാഗം ചെയ്യുന്നതിനും തുടർന്ന് 17.01.2018 തീയിതിയിൽ ആയത് റദ്ദ് ചെയ്യുന്നതിനും അപേക്ഷ സമർപ്പിച്ചിരുന്നു. സൂചന (3) പ്രകാരം ശ്രീമതി ഷീന മോൾ പി.എച്ച്-ന്റെ സ്ഥാനപരിത്യാഗം റദ്ദ് ചെയ്ത് ഉത്തരവായിട്ടുണ്ട്. എന്നാൽ, നിലവിലുള്ള സീനിയർ ക്ലാർക്കിന്റെ ഒഴിവ്, ടിയാളുടെ സ്ഥാനപരിത്യാഗം റദ്ദ് ചെയ്ത 17.01.2018 തീയതിക്കുമുമ്പ് ഉണ്ടായിട്ടുള്ളതായതിനാൽ, ടിയാളെ പ്രസ്തുത ഒഴിവിലെ പ്രൊമോഷന് പരിഗണിക്കേണ്ടതായിട്ടില്ല.

ഈ സാഹചര്യത്തിൽ ഗ്രഡേഷൻ ലിസ്റ്റിലെ അടുത്ത സീനിയറായിട്ടുള്ള (ക്രമനമ്പർ 38) ക്ലാർക്ക്-ടൈപ്പിസ്റ്റ് ശ്രീ. ഹരിഹരൻ.ആർ-നെ 25200-54000 രൂപ ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകി കൊല്ലം കാഷ്യൂ സ്പെഷ്യൽ ഓഫീസിൽ നിയമിച്ച് ഉത്തരവാകുന്നു.

ശ്രീ. ഹരിഹരൻ. ആർ-ന് നിയമനം നൽകിയ സാഹചര്യത്തിൽ കാഷ്യൂ സ്പെഷ്യൽ ഓഫീസിൽ പുനർവിന്യസിക്കപ്പെട്ട തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. രജ്ഞിത്.എ, സീനിയർ ക്ലാർക്കിനെ ആസ്ഥാന ഓഫീസിലേക്ക് സ്ഥലം മാറ്റിയും

ആസ്ഥാന ഓഫീസിൽ നിന്നും ഹയർ ഗ്രേഡ് ക്ലാർക്ക് ശ്രീ. ബിനു.എഫ്-നെ കൊല്ലം ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഓഫീസിലെ നിലവിലുളള ഒഴിവിൽ സ്ഥലം മാറ്റി നിയമിച്ചും ഉത്തരവാകുന്നു.

അണ്ടർ സെക്രട്ടറി & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്

1. ശ്രീ. ഹരിഹരൻ.ആർ, ക്ലാർക്ക് -ടൈപ്പിസ്റ്റ്
   0/o അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ഒറ്റപ്പാലം
2. ശ്രീ. രഞ്ജിത്ത്. എ, സീനിയർ ക്ലാർക്ക്
   കാഷ്യു സ്പെഷ്യൽ ഓഫീസ്, കൊല്ലം
3. ശ്രീ. ബിനു.എഫ്, സീനിയർ ക്ലാർക്ക്
   ഡയറക്ടറേറ്റ് ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്, തിരുവനന്തപുരം

പകർപ്പ്

1. കാഷ്യു സ്പെഷ്യൽ ഓഫീസർ, കൊല്ലം
2. ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് &ബോയിലേഴ്സ്, കൊല്ലം/ കോഴിക്കോട്
3. ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് &ബോയിലേഴ്സ്, കോട്ടയം
4. അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്, ഒറ്റപ്പാലം
5. എ.ഒ/എഫ്.ഒ/സി.എ ടു ഡി.എഫ്.& ബി/ /എ1 സെക്ഷൻ/ഇ2 സെക്ഷൻ/
   സി1 സെക്ഷൻ